2423
16/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 36 ജീവനക്കാരുടെ സേവനം WP(C) 15072/19 ലുള്ള ബഹു. ഹൈക്കോടതിയുടെ 18.06.2019-ലെ വിധിന്യായപ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

കൃഷി (പി.യു) വകുപ്പ്

സ.ഉ.(കൈ) നം.27/2021/കൃഷി തീയതി,തിരുവനന്തപുരം, 15/02/2021

പരാമർശം-
1) ശ്രീ.സലീം സി.യും കൂട്ടരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 15072/19 ന്മേലുള്ള 18.06.2019-ലെ വിധിന്യായം
2) 9.9.2020 ൽ കൂടിയ 143-ാമത് ഹോർട്ടികോർപ്പ് ഡയറക്ടർ ബോർഡ് യോഗ തീരുമാനം
3) ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ 4.5.2020 ലെ 1531/A/ 17/HPDC/433, 01.10.2020 ലെ 1531/A/ 17/HPDC/1257 നമ്പർ കത്തുകൾ
4) 5.7.1997 ലെ ജി.ഒ.(എം.എസ്) നം.205/1997/എഡി
5) 3.3.2018 ലെ ജി.ഒ.(പി) നം. 31/2018/ധന

ഉത്തരവ്

ഹോർട്ടികോർപ്പിൽ പത്ത് വർഷത്തിലധികമായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. സലീമും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 15072/19 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. താൽക്കാലിക ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്നതിനായി ഒന്നാം എതിർ കക്ഷിയായ സർക്കാർ 2-ാം എതിർകക്ഷിയായ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അഭ്യർത്ഥന പരിഗണിച്ച് പരാതിക്കാരനെ നേരിൽ കേട്ടതിനുശേഷം വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്നു മാസത്തിനകം ഒരു വിശദമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ. സലീം സി. , ശ്രീ. ബാബു എൻ.കെ എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 15072/2019 നമ്പർ കേസിലെ 18/06/2019-ലെ വിധിന്യായം നടപ്പാക്കാത്തതിനാൽ പരാതിക്കാർ CC(C) 88/2020 നമ്പർ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയുണ്ടായി.

2) ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ പരാമർശം (3) ലെ കത്തു പ്രകാരം 29 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർമാർ, 2 ഡ്രൈവർ, 3 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, 1 അക്കൗണ്ട്സ് അസിസ്റ്റന്റ്, 2 അസിസ്റ്റന്റ് മാനേജർമാർ എന്നിവർ ഉൾപ്പെടെ 3 7 താൽക്കാലിക ജീവനക്കാരുടെ സേവനം ക്രമീകരിക്കാനുള്ള നിർദ്ദേശം പുനഃസമർപ്പിക്കുകയുണ്ടായി.

3) പരാമർശം (2) ലെ ഹോർട്ടികോർപ്പിലെ ഡയറക്ടർ ബോർഡു തീരുമാന പ്രകാരമുള്ള മാനേജിംഗ് ഡയറക്ടറുടെ ശുപാർശ പ്രകാരം സ്ഥിരപ്പെടുത്താനുള്ള ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടുള്ളതാണ്. ടി 3 6 ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്നതുമൂലം ഹോർട്ടികോർപ്പിന് പ്രതിവർഷം 23,78,664/- രൂപയാണ് (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി അറുന്നൂറ്റി അറുപത്തിനാല് രൂപാ മാത്രം) അധിക സാമ്പത്തിക ബാധ്യതയായി വരുന്നത്. ടി അധിക സാമ്പത്തിക ബാധ്യത കോർപ്പറേഷന്റെ തനത് വരുമാന സ്രോതസ്സായ സെയിൽസ് റവന്യൂവിൽ നിന്നുതന്നെ വഹിക്കുന്നതാണ് എന്നും ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഹോർട്ടികോർപ്പിൽ ഒരു ഡി.പി.സിക്ക് 3 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ തസ്തികയെന്ന നിരക്കിൽ 9 ജില്ലാ സംഭരണ കേന്ദ്രങ്ങൾ ക്ക് (ഡി.പി.സി) 27 തസ്തികകൾ മാത്രമാണ് പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളത്. നിലവിൽ ഹോർട്ടികോർപ്പിലുള്ള 1 3 ഡി.പി.സി കൾക്ക് 3 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ പ്രകാരം 39 തസ്തികകളും, 5 സബ്-സെന്ററുകൾക്ക് 2 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ പ്രകാരം 10 തസ്തികകളും ഉൾപ്പെടെ 49 തസ്തികകൾ ഹോർട്ടികോർപ്പിന്റെ നിലവിലെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. അതിനാൽ പരാമർശം (4) പ്രകാരം കോർപ്പറേഷന് അനുവദിച്ചതും എന്നാൽ നാളിതുവരെ നിയമനം നടത്തിയിട്ടില്ലാത്തതുമായ 14 പ്യൂൺ തസ്തികകൾ ഹോർട്ടികോർപ്പിന്റെ പ്രവർത്തനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ തസ്തികയിലേയ്ക്ക് മാറ്റുമ്പോൾ ലഭ്യമാകുന്ന 14 തസ്തികകളും നിലവിലെ സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ തസ്തികയിലെ 14 ഒഴിവുകളും ചേർത്ത് ടി തസ്തികയിൽ ഉണ്ടാകുന്ന 2 8 ഒഴിവുകളിൽ പരാമർശം (2) ലെ ഹോർ ട്ടികോർ പ്പ് മാനേജിംഗ് ഡയറക്ടറുടെ ശുപാർശയിലെ 2 8 താൽക്കാലിക ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്നത് ഹോർട്ടികോർപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായകരമാകുമെന്ന് പരാമർശം (3) ലെ 4.5.2020 ലെ കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ ശിപാർശ പ്രകാരം സേവനം ക്രമീകരിക്കേണ്ട 36 ജീവനക്കാർ നീണ്ട 10 വർഷത്തിലധികമായി ഹോർട്ടികോർപ്പിൽ സേവനം ചെയ്തുവരുന്നവരും, ഇവരിൽ ഭൂരിഭാഗവും വിരമിക്കൽ പ്രായത്തിനോടടുത്ത് എത്തി നിൽക്കുന്നവരായതിനാൽ ഇനി മറ്റ് ജോലികൾ ലഭിക്കാൻ സാധ്യതയില്ലാത്തവരുമാണ് എന്നതും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ചുവടെ ചേർക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്ന 36 ജീവനക്കാരുടെ സേവനം അവരുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന തസ്തികയിൽ ഉത്തരവ് തീയതി മുതൽ ബഹു.ഹൈക്കോടതിയുടെ പരാമർശം (1) ലെ വിധിന്യായപ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു. ഇക്കാര്യത്തിലുള്ള തുടർനടപടികൾ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

| നം | പേര് | തസ്തിക | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | രാമൻ കെ. ബി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 2 | ഷാജിറ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 3 | പി.എസ്. വാമനൻ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 4 | ബിനു പി.എസ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 5 | ഷാനവാസ് ഐ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 6 | ദിനേശ്ഗോപാൽ എ. ജെ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 7 | നാസുറുദ്ദീൻ കെ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 8 | മനോജ്പി.കെ. | സെയിൽസ്അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 9 | അനിൽ കുമാർ എസ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 10 | സുധീർ ബീ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 11 | വത്സല പി.ജി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 12 | സലീം. സി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 13 | അനിത എൻ.എ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 14 | ബിജീഷ് എം.പി. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 15 | അനിൽ കുമാർ ബി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 16 | കൃഷ്ണ കുമാർ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 17 | ഗ്രേസമ്മ സെബാസ്റ്റ്യൻ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 18 | എൻ.കെ. ബാബു | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 19 | റോസ് എലിസബത്ത് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 20 | സുരേഷ് വി.എസ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 21 | ബിജോയ് എം. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 22 | മനോഹരൻ കെ.പി. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 23 | മുരളിധരൻ ജി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |

| | | | |
|---|---|---|---|
| 24 | സുരേഷ് പി.ജി. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 25 | രാജേഷ് വി.എസ്. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 26 | കെ.പി. ഷാജി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 27 | ലീലാമണി വി.കെ. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 28 | പി.ഡി. സന്തോഷ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 29 | എൽ. സന്തോഷ് | ഡ്രൈവർ | 8960-14260 |
| 30 | കെ.എസ്. സജയ കുമാർ | ഡ്രൈവർ | 8960-14260 |
| 31 | സോമശേഖരൻ എസ്. | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 9190-15780 |
| 32 | സുരേഷ് ബി | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 9190-15780 |
| 33 | സുമേഷ് ജി | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 9190-15780 |
| 34 | ലേഖ കുമാരി .റ്റി | അക്കൗണ്ട്സ് അസിസ്റ്റന്റ് | 9190-15780 |
| 35 | സജിത് എം.എസ്. | അസിസ്റ്റന്റ് മാനേജർ | 20740-36140 |
| 36 | സതീഷ് ചന്ദ്രൻ എൽ.എസ്. | അസിസ്റ്റന്റ് മാനേജർ | 20740-36140 |

പരാമർശം (1) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബോബി ആന്റണി**

**അഡീഷണൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് പ്രകാരം)
ധനകാര്യ വകുപ്പ് (31.3.2020 ലെ പി.യു.ബി2/2/2020-ധന പ്രകാരം)
നിയമവകുപ്പ് (1.1.2020 ലെ 26979/ഉപദേശം ഡി2/2019/നിയമം,
24.11.2020 ലെ 16519/ഉപദേശം ഡി2/2020/നിയമം പ്രകാരം)

പൊതുഭരണ (എസ്. സി) വകുപ്പ് ( 10.2.2021 ലെ ഇനം. നം.4594)
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം. AGRI-PU1/92/2019-AGRI. ഇനം നം: 4594

വിഷയം : കൃഷി വകുപ്പ് - ഹോർട്ടികോർപ്പിൽ പത്തു വർഷത്തിലധികമായി തുടർച്ചയായി സേവനം ചെയ്തു വരുന്ന 36 താൽക്കാലിക ജീവനക്കാരുടെ സേവനം ക്രമീകരിക്കണമെന്ന ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ ശിപാർശ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (ii) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. AGRI -PU1/92/2019-AGRI |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | ഹോർട്ടികോർപ്പിൽ പത്തു വർഷത്തിലധികമായി തുടർച്ചയായി സേവനം ചെയ്തു വരുന്ന 36 താൽക്കാലിക ജീവനക്കാരുടെ സേവനം ക്രമീകരിക്കണമെന്ന ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ ശിപാർശ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27/10/2020 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. (നിയമ വകുപ്പ്)<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബോബി ആന്റണി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഇഷിതാ റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 30.01.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. വി.എസ്. സുനിൽകുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഹോർട്ടികോർപ്പിൽ പത്ത് വർഷത്തിലധികമായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന 36 ജീവനക്കാരുടെ സേവനം വിവിധ തസ്തികകളിൽ ക്രമീകരിക്കുന്നതിന് ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. ബഹു.സുപ്രീം കോടതിയുടെ State of Karnataka Vs. Umadevi (AIR 2006 SC 1804) കേസിലെ വിധിയുടെ ലംഘനമായതിനാൽ ഹോർട്ടികോർപ്പിൽ പത്ത് വർഷത്തിലധികമായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ശ്രീ. സലീം സി യുടെ ആവശ്യം 21.04.2017- ലെ 646224/പിയു1/2015/ കൃഷി നമ്പർ കത്തു പ്രകാരം സർക്കാർ നിരസിച്ചിരുന്നു. ടി സർക്കാർ ഉത്തരവിനെതിരെ ശ്രീ. സലീം ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 15072/19 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ 18.06.2019-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ താൽക്കാലിക ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്നതിനായി ഒന്നാം എതിർ കക്ഷി 2-ാം എതിർകക്ഷിയായ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അഭ്യർത്ഥന പരിഗണിച്ച് പരാതിക്കാരനെ നേരിൽ കേട്ടതിനുശേഷം വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്നു മാസത്തിനകം ഒരു വിശദമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

3. ടി കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. അനുവദിക്കപ്പെട്ട തസ്തികകളിൽ ക്രമവിരുദ്ധമാണെങ്കിലും നിയമവിരുദ്ധമല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഉത്തരവിന്റെ പിൻബലത്തിലല്ലാതെ, ഉമാദേവി കേസിലെ വിധിന്യായത്തിന്റെ തീയതിയായ 10/04/2006-നു മുൻപ്, ദിവസവേതനാടിസ്ഥാനത്തിൽ പത്തു വർഷം സേവനം പൂർത്തിയാക്കുകയും ചെയ്തവരെ സ്ഥിരപ്പെടുത്തുന്നതിനു ഒരു one time measure എന്ന നിലയിൽ നടപടികൾ ആരംഭിക്കുവാൻ കേന്ദ്ര സർക്കാരിനും എല്ലാ സംസ്ഥാന സർക്കാരുകൾക്കും ബഹു. സുപ്രീം കോടതി നിർദ്ദേശം നൽകിയിരുന്നു. മേൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി ജോലിനോക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന പരാതിക്കാരുടെ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ നിരാകരിക്കാവുന്നതായി കണ്ടെത്തുകയും ചെയ്തു .

4. ഈ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"ബഹു. ഹൈക്കോടതി WP(C) 15072/2019 കേസിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള Exbt P4 ലെ ന്യൂനതകൾ കൂടി പരിഹരിച്ചുകൊണ്ട്, കോടതി നിർദ്ദേശിച്ച പ്രകാരം ബന്ധപ്പെട്ടവരെ നേരിൽ കേട്ട ശേഷം കാര്യകാരണങ്ങൾ വ്യക്തമാക്കികൊണ്ടുള്ള ഒരു ഉത്തരവിലൂടെ ഉചിതതീരുമാനം കൈക്കൊള്ളാൻ ഭരണവകുപ്പിനോട് നിർദ്ദേശിക്കാം".*

5. നിലവിൽ ജോലിയിൽ നിന്നും പിരിഞ്ഞുപോയവരും ഇതിനകം സ്ഥിരപ്പെടുത്തുകയും ചെയ്തത് കഴിഞ്ഞ് ഇനി 40 താൽക്കാലിക ജീവനക്കാരാണ് സ്ഥിരപ്പെടുത്തുവാൻ ബാക്കിയുള്ളത് എന്നതിനാലും പൊതുമേഖലാ സ്ഥാപനങ്ങളിൽ 10 വർഷത്തിലധികമായി

ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താവുന്നതാണെന്ന് മന്ത്രിസഭായോഗം ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി നോക്കി വരുന്ന 40 താൽക്കാലിക ജീവനക്കാരെ ബഹു. ഹൈക്കോടതിയുടെ വിധിന്യായവും നിയമവകുപ്പിന്റെ അഭിപ്രായവും കണക്കിലെടുത്ത് സ്ഥിരപ്പെടുത്താവുന്നതാണ് എന്നുള്ള ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഫയലിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ആയതിന് ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു :

*"ദിവസവേതന / adhoc/casual/contract അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ സ്ഥിരമായി തുടരാൻ അനുവദിക്കുകയോ regularise ചെയ്യുകയോ പാടില്ലെന്നുള്ള Secretary, State of Karnataka Vs Umadevi (2006 (4) SCCI) എന്ന കേസിലെ ബഹു . സുപ്രീം കോടതി നിർദ്ദേശത്തോട് ധനവകുപ്പ് യോജിക്കുന്നുവെന്നും എന്നാൽ പത്തു വർഷത്തിൽ കൂടുതൽ തുടർച്ചയായി സേവനം അനുഷ്ഠിച്ചവരെ സ്ഥിരപ്പെടുത്തണമെന്ന ഭരണവകുപ്പ് താല്പര്യപ്പെടുന്നുണ്ടെങ്കിൽ അക്കാര്യം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."*

6. ശ്രീ . സലീം സി., ശ്രീ. ബാബു. എൻ. കെ എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 15072/2019 നമ്പർ കേസിലെ 18/06/2019- ലെ വിധിന്യായം നടപ്പാക്കാത്തതിനാൽ പരാതിക്കാർ CC(C) 88/2020 നമ്പർ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയും ആയത് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

7. 01.10.2020 ലെ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ കത്തു പ്രകാരം 143-ാമത് ഹോർട്ടികോർപ്പ് ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം 29 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർമാർ, 2 ഡ്രൈവർ, 3 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, 1 അക്കൗണ്ട്സ് അസിസ്റ്റന്റ്, 2 അസിസ്റ്റന്റ് മാനേജർമാർ എന്നിവർ ഉൾപ്പെടെ 37 താൽക്കാലിക ജീവനക്കാരുടെ സേവനം ക്രമീകരിക്കാനുള്ള നിർദ്ദേശം പുനഃസമർപ്പിച്ചിരുന്നു. എന്നാൽ സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ തസ്തികയിലെ താൽക്കാലിക ജീവനക്കാരുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ ജി.കട്ടപ്പൻ മരണപ്പെട്ടതായി മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം ആകെ 36 താല്ക്കാലിക ജീവനക്കാരെയാണ് നിലവിൽ സ്ഥിരപ്പെടുത്തേണ്ടതുള്ളത്.

8. 05.07.97-ലെ സ.ഉ.(എം.എസ്) നമ്പർ 205/1997/എഡി സർക്കാർ ഉത്തരവു പ്രകാരം ഹോർട്ടികോർപ്പിൽ കോൾഡ് ചെയിൻ സ്കീം നടപ്പിലാക്കുന്നതിനായി 249 തസ്തികകൾ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെ റിക്രൂട്ട്മെന്റ് റൂൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്താനായിട്ടില്ല എന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 22.02.2006 ലെ ജി.ഒ.(എം.എസ്)നം.240/06/എഡി, 26.02.2011 ലെ ജി.ഒ.(എം.എസ്)64/2011/എഡി, 22.05.2012 ലെ ജി.ഒ.(എം.എസ്)123/12/എഡി എന്നീ ഉത്തരവുകൾ പ്രകാരം 51 താൽക്കാലിക ജീവനക്കാരെ വിവിധ തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. 05.07.97 ലെ സ.ഉ.(എം.എസ്)നം 205/1997/എഡി സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ച തസ്തികകളിൽ

മേൽ പരാമർശിച്ച 51 തസ്തിക സംവിധാനത്തിൽ 33 സ്ഥിരം ജീവനക്കാരുമായാണ് ഇപ്പോൾ ഹോർട്ടികോർപ്പ് പ്രവർത്തിച്ചു വരുന്നത്. ഹോർട്ടികോർപ്പിൽ ഒരു ഡി.പി.സിക്ക് 3 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ തസ്തികയെന്ന നിരക്കിൽ 9 ജില്ലാ സംഭരണ കേന്ദ്രങ്ങൾക്ക് (ഡി.പി.സി) 27 തസ്തികകൾ മാത്രമാണ് 5.7.1997-ലെ സർക്കാർ ഉത്തരവ്(എം.എസ്)205/97/എഡി പ്രകാരം അനുവദിച്ചിട്ടുള്ളത്. നിലവിൽ ഹോർട്ടികോർപ്പിൽ 13 ഡി.പി.സി.കളും 5 സബ്-സെന്ററുകളുമുണ്ട്. 13 ഡി.പി.സി കൾക്ക് 3 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ എന്ന നിരക്കിൽ 39 തസ്തികകളും, 5 സബ്-സെന്ററുകൾക്ക് 2 സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ എന്ന നിരക്കിൽ 10 തസ്തികകളും ഉൾപ്പെടെ 49 തസ്തികകൾ ഹോർട്ടികോർപ്പിന്റെ നിലവിലെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ് എന്നതിനാൽ ഇനി 22 അധിക തസ്തികകൾ കൂടി ആവശ്യമാണ്. അതിനായി 05.7.1997 ലെ ജി.ഒ.(എം.എസ്) നം.205/97/AGRI പ്രകാരം കോർപ്പറേഷന് അനുവദിച്ച 14 പ്യൂൺ തസ്തികകളിൽ നാളിതുവരെ നിയമനം നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി 14 തസ്തികകൾ ഹോർട്ടികോർപ്പിന്റെ പ്രവർത്തനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ തസ്തികയിലേയ്ക്ക് മാറ്റുന്ന പക്ഷം, ലഭ്യമാകുന്ന 14 തസ്തികകളും നിലവിലെ സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ തസ്തികയിലെ 14 ഒഴിവുകളും ചേർത്ത് ടി തസ്തികയിൽ ഉണ്ടാകുന്ന 28 ഒഴിവുകളിൽ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ ശുപാർശയിലെ 28 താൽക്കാലിക ജീവനക്കാരുടെ സേവനം (29 താൽക്കാലിക ജീവനക്കാരിൽ ഒരാളായ ശ്രീ.ജി.കുട്ടപ്പൻ മരിച്ച സാഹചര്യത്തിൽ) ഹോർട്ടികോർപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായി കാണുന്നു.

9. ഹോർട്ടികോർപ്പിലെ മാനേജിംഗ് ഡയറക്ടറുടെ ശുപാർശ പ്രകാരം സ്ഥിരപ്പെടുത്താനുള്ള ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങൾ 05.07.97-ലെ സ.ഉ.(എം.എസ്)നം.205/1997/എഡി നം. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടുള്ളതാണ്. ടി ജിവനക്കാരെയെല്ലാം അതാത് ജില്ലകളിൽ അതാത് സമയത്ത് ആവശ്യാനുസരണം കരാർ / ദിവസവേതനത്തിൽ നിയമിച്ചിട്ടുള്ളതാണ്. ഇവരെല്ലാം തന്നെ 15 മുതൽ 20 വർഷം വരെ ദിവസവേതന / കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവരും പ്രായാധിക്യത്താൽ മറ്റ് ജോലികൾ ലഭിക്കാൻ സാധ്യതയില്ലാത്തവരുമാണ് . കൂടാതെ ടി ജീവനക്കാരെല്ലാം നാളിതുവരെ കോർപ്പറേഷന്റെ നിലനിൽപ്പിന് വലിയ സംഭാവനയാണ് നൽകിയിട്ടുള്ളത് എന്നും ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ 2009 പ്രാബല്യത്തിലുള്ള ശമ്പളപരിഷ്കരണമാണ് കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടുള്ളത്. ടി 36 ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്നതുമൂലം ഹോർട്ടികോർപ്പിന് പ്രതിവർഷം 23,78,664/- രൂപയാണ് (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി അറുന്നൂറ്റി അറുപത്തിനാല് രൂപാ മാത്രം) അധിക സാമ്പത്തിക ബാധ്യതയായി വരുന്നത്. ടി അധിക സാമ്പത്തിക ബാധ്യത കോർപ്പറേഷന്റെ തനത് വരുമാന സ്രോതസ്സായ സെയിൽസ് റവന്യൂവിൽ നിന്നുതന്നെ വഹിക്കുന്നതിനാൽ ഇക്കാര്യത്തിൽ അധിക സാമ്പത്തിക ബാധ്യതയൊന്നും തന്നെ സർക്കാരിന് ഉണ്ടാകുന്നില്ല.

10. അനുബന്ധം പ്രകാരമുള്ള 36 ജീവനക്കാർ നിയതമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ വന്നവരല്ലെങ്കിലും, നീണ്ട 10 വർഷത്തിലധികമായി ഹോർട്ടികോർപ്പിൽ സേവനം ചെയ്തുവന്നവരും, ഇവരിൽ ഭൂരിഭാഗവും വിരമിക്കൽ പ്രായത്തിനോടടുത്ത് എത്തി

നിൽക്കുന്നവരായതിനാൽ ഇനി മറ്റ് ജോലികൾ ലഭിക്കാൻ സാധ്യതയില്ലാത്തവരുമാണ് എന്നതും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ 1.10.2020 ലെ പ്രൊപ്പോസലിലെ 36 താൽക്കാലിക ജീവനക്കാരുടെ സേവനം അനുബന്ധത്തിലെ പട്ടികയിൽ പറയും പ്രകാരം ക്രമീകരിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിൻമേൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം ബഹു. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

11. മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ, ടി വിഷയം മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കുന്നതിന് മുൻപായി നിയമ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽക്കൂടി തേടുവാൻ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവാകുകയുണ്ടായി. ഫയൽ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"ബഹു.സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് State of Karnataka Vs. Umadevi (AIR 2006 SC 1806) എന്ന കേസിൽ, താൽക്കാലിക അടിസ്ഥാനത്തിൽ/ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാനദണ്ഡവും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ നിയമവകുപ്പിൽ നിന്നും നൽകിയ അഭിപ്രായം ധനകാര്യ അഡീ.ചീഫ് സെക്രട്ടറി 2661/Exp.A1/15/Fin നമ്പർ കുറിപ്പ് പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കുലേറ്റ് ചെയ്തിരുന്നതുമാണ്. പ്രസ്തുത വിധിയലെ മാനദണ്ഡ പ്രകാരം വിധിന്യായം പുറപ്പെടുവിച്ച 10.04.2006-ൽ താൽക്കാലിക അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നവരും sanctioned post-ൽ 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരുമായ ജീവനക്കാരെ ഒറ്റത്തവണ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തി ക്രമീകരിക്കുന്നതിന് മാത്രമാണ് കോടതി അനുമതി നൽകിയിരിക്കുന്നത്. തുടർന്ന് ബഹു.സുപ്രീംകോടതി ഡിവിഷൻ ബഞ്ച് Upendra Singh Vs. State of Bihar & Ors (AIR 2018 SC 1315) എന്ന കേസിൽ 23.12.2018-ൽ പുറപ്പെടുവിച്ച വിധിയിൽ ടി Umadevi കേസിലെ വിധിയെ ശരിവയ്ക്കുകയും ഇപ്രകാരം വിധി പ്രസ്താവിക്കുകയും ചെയ്തു.*

*"Law pertaining to regularisation has now been authoritatively determined by a Constitution Bench judgment of this Court in Secretary, State of Karnataka & Ors. Vs. Umadevi & Ors (2006 4) SCC(1) On the application of law laid down in that case, it is clear that the question of regularisation of daily wager appointed contrary to law does not arise."*

*ആയതിനാൽ മേൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നവരെ സ്ഥിരപ്പെടുത്തിന്നത് നിയമപരമല്ല എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."*

12. നിയമ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളോടെ ബഹു.മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ പുനഃസമർപ്പിച്ചിരുന്നു.

(i) ബഹു.ഹൈക്കോടതിയുടെ 18.06.2019-ലെ WP(C)No.15072/19 വിധിന്യായ പ്രകാരം ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 36 ജീവനക്കാരുടെ സേവനം ക്രമീകരിക്കണമെന്ന ഹോർട്ടികോർപ്പ്

മാനേജിംഗ് ഡയറക്ടറുടെ 01.10.2020-ലെ പ്രൊപ്പോസൽ 24.11.2020 തീയതിയിലെ നിയമവകുപ്പിന്റെ അഭിപ്രായ പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ?

(ii) ബഹു.ഹൈക്കോടതിയുടെ 18.06.2019-ലെ WP(C)No.15072/19 വിധിന്യായപ്രകാരം ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 36 ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിത തീരുമാനമെടുക്കാമെന്ന 01.01.2020 ലെ നിയമവകുപ്പിന്റെ അഭിപ്രായം നിലനിൽക്കെത്തന്നെ മന്ത്രിസഭാ യോഗ തീരുമാനത്തിനു വിധേയമായി ടി ജീവനക്കാരുടെ സേവനം ക്രമീകരിച്ചു നൽകാമോ?

13. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതിയുടെ 18.06.2019-ലെ WP(C)No.15072/19 വിധിന്യായ പ്രകാരം ഹോർട്ടികോർപ്പിൽ പത്ത് വർഷത്തിലധികമായി ജോലി ചെയ്തു വരുന്ന 36 ജീവനക്കാരുടെ സേവനം ക്രമീകരിക്കണമെന്ന ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ ശുപാർശയിന്മേൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ബഹു മുഖ്യമന്ത്രിയുടെ ഉത്തരവു പ്രകാരം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

(i) ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 36 ജീവനക്കാരുടെ സേവനം ക്രമീകരിക്കണമെന്ന ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ 01.10.2020-ലെ പ്രൊപ്പോസൽ, പത്ത് വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലിനോക്കി വരുന്നവരെ സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ലായെന്ന 24.11.2020 തീയതിയിലെ നിയമവകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ?

അതോ

(ii) ബഹു.ഹൈക്കോടതിയുടെ 18.06.2019-ലെ WP(C)No.15072/19 വിധിന്യായം പരിഗണിച്ച് ഹോർട്ടികോർപ്പിൽ 10 വർഷത്തിലധികമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 36 ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്ന വിഷയത്തിൽ ഭരണ വകുപ്പിന് ഉചിത തീരുമാനമെടുക്കാമെന്ന 01.01.2020 തീയതിയിലെ നിയമവകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്ത് അനുബന്ധമായി ചേർത്തിട്ടുള്ള 36 ജീവനക്കാരുടെ സേവനം ഉത്തരവു തീയതി മുതൽ ക്രമീകരിച്ച് നൽകാമോ?

അനുബന്ധം

| Sl. No | പേര് | തസ്തിക | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | രാമൻ കെ. ബി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 2 | ഷാജിറ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 3 | പി.എസ്. വാമനൻ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 4 | ബിനു പി.എസ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 5 | ഷാനവാസ് ഐ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 6 | ദിനേശ്ഗോപാൽ എ. ജെ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 7 | നാസുറുദ്ദീൻ കെ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 8 | മനോജ് പി.കെ. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 9 | അനിൽ കുമാർ എസ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 10. | സുധീർ ബി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 11 | വത്സല പി.ജി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 12 | സലിം. സി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 13 | അനിത എൻ . എ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 14 | ബിജീഷ് എം.പി. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 15 | അനിൽ കുമാർ ബി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 16 | കൃഷ്ണ കുമാർ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 17 | ഗ്രേസമ്മ സെബാസ്റ്റ്യൻ | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 18 | എൻ.കെ. ബാബു | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 19 | റോസ് എലിസബത്ത് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 20 | സുരേഷ് വി.എസ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 21 | ബിജോയ് എം. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 22 | മനോഹരൻ കെ.പി. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 23 | മുരളീധരൻ ജി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 24 | സുരേഷ് പി.ജി. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 25 | രാജേഷ് വി.എസ്. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 26 | കെ.പി. ഷാജി | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 27 | ലീലാമണി വി.കെ. | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 28 | പി.ഡി. സന്തോഷ് | സെയിൽസ് അസിസ്റ്റന്റ് കം ഹെൽപ്പർ | 8730 -13540 |
| 29 | എൽ. സന്തോഷ് | ഡ്രൈവർ | 8960 -14260 |
| 30 | കെ.എസ്. സജയ കുമാർ | ഡ്രൈവർ | 8960 -14260 |
| 31 | സോമശേഖരൻ എസ്. | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 9190-15780 |
| 32 | സുരേഷ് ബി | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 9190-15780 |
| 33 | സുമേഷ് ജി | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 9190-15780 |
| 34 | ലേഖ കുമാരി റ്റി | അക്കൌണ്ട്സ് അസിസ്റ്റന്റ് | 9190-15780 |
| 35 | സജിത് എം.എസ്. | അസിസ്റ്റന്റ് മാനേജർ | 20740-36140 |
| 36 | സതീഷ് ചന്ദ്രൻ എൽ.എസ്. | അസിസ്റ്റന്റ് മാനേജർ | 20740-36140 |